**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 752** **24-02-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലം-അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പയ്യന്നൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത മാടക്കാംപൊയിൽ കോളനി, കാരന്തോട് കോളനി എന്നിവിടങ്ങളിലെ പ്രവൃത്തി പൂർത്തീകരിച്ചു. ചുക്കാനം കോളനിയിലെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടുവയൽ ST കോളനിയിൽ അനുവദിച്ച 7 വീടുകളുടെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം, നടപ്പാത നിർമ്മാണം, വാട്ടർടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത എയ്യൻകല്ല് കോളനിയിൽ കോളനി നിവാസികളുടെ എതിർപ്പ് കാരണം നിർമ്മാണ പ്രവൃത്തികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയിലുള്ള കോളനികളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു പ്രവൃത്തി 15/07/2022-ന് പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ 31.03.2022-നകം പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ